(സി) റോഡരുകിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ, മറ്റു വസ്തുക്കൾ എന്നിവ സൂക്ഷിക്കുന്നതിന് സ്വകാര്യ വ്യക്തികൾ ഉപയോഗിക്കുന്നത് കർശനമായി തടയുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുകൾ നശിപ്പിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമാനങ്ങൾ തീർക്കുന്നതിനും മറ്റും ദേശീയ പാത വിഭാഗം അനുമതി നൽകാറുണ്ട്. കമാനങ്ങൾ തീർക്കുന്നതുമൂലം ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ അനുവാദം വാങ്ങിയിട്ടുള്ള വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ഈടാക്കി പണി പൂർത്തീകരിക്കുന്നതാണ്.

(സി) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡരികിൽ സാധന സാമഗ്രികൾ സൂക്ഷിക്കുന്നത് ശിക്ഷാർഹമാണ്. ഇതിനെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., ജലഅതോറിറ്റി എന്നീ വകുപ്പുകളുമായി ആലോചിച്ച് പര്യാപ്തമായ നടപടി സ്വീകരിയ്ക്കുന്നതാണ്.

## കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകളിൽ സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ മാർക്കറ്റിംഗ് കോപ്ലക്സുകൾ

129 [1368] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ഏതെല്ലാം ബസ് സ്റ്റേഷനുകളിലാണ് സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ മാർക്കറ്റിംഗ് കോപ്ലക്സുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുവാൻ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോ സ്വകാര്യ സ്ഥാപനത്തിനും മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുള്ളത് ഏത് ബസ് സ്റ്റേഷനാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മാർക്കറ്റിംഗ് കോംപ്ലക്സുകൾ പിൽക്കാലത്ത് ഗവൺമെന്റിന് കൈമാറ്റം ചെയ്യപ്പെടും എന്ന വ്യവസ്ഥ പ്രകാരമാണോ അനുമതി നൽകിയിട്ടുള്ളതെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തത്തോടെ കോംപ്ലക്സുകൾ സ്ഥാപിക്കാൻ കെ. എസ്. ആർ. ടി. സി. തീരുമാനമെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ഡിപ്പോയിൽ നിന്നും നടത്തി വരുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

130 [1374] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിപ്പോയിൽ നിന്ന് ഇപ്പോൾ നടത്തിവരുന്ന സർവ്വീസുകൾ എത്ര;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം എത്ര;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലൂടെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ഈ റൂട്ടുകളിലൂടെ സർവ്വീസ് നടത്തുന്ന ബസ്സുകൾ ഏതെല്ലാമാണ്; ഇതിൽ ഏതെല്ലാം സർവ്വീസുകൾ നിർത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) അമ്മാടം വഴിയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ലാഭകരമായ സർവ്വീസ് ഇടയ്ക്കിടെ ഓടാതിരിക്കുന്നതുമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർവ്വീസ് തുടർന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 78 സർവ്വീസുകൾ.

LIBRARY ARCHIVES Kerala Legislative Assembly